

# ഇലമുങ്ങി

## നമുക്കു ചുറ്റും – 6

### വി.സി. ബാലകൃഷ്ണൻ

ചാട്ടുളിപോലെ അതിവേഗത്തിൽ പറന്നുനടന്ന് പെട്ടെന്ന് ഇലകൾക്കിടയിൽ 'മൂങ്ങുന്ന' സ്വഭാവമുള്ള ഒരു ശലഭമാണ് ഇലമുങ്ങി. പൊതുവേ വർണപകിട്ടു കുറഞ്ഞതും വലിയ ഉടലും ഉരസിനേക്കാൾ വീതിയുള്ള തലയും അസാധാരണ വലിപ്പമുള്ള കണ്ണുകളുമുള്ള ശലഭങ്ങൾ ഉൾപ്പെടുന്ന ഹെസ്പെരൈഡേ കുടുംബത്തിൽപ്പെട്ട ഇലമുങ്ങി നമ്മുടെ നാട്ടിൽ സർവസാധാരണമാണ്. ഇവയുടെ ലാർവകളുടെ ഭക്ഷണസസ്യമായ കാച്ചിലും നൂറാൻ കിഴങ്ങും കാട്ടുകാച്ചിലും ഇപ്പോഴും നാട്ടിൻപുറത്തും കുന്നിൻപ്രദേശത്തും കുറച്ചൊക്കെ ബാക്കിയുള്ളതു കൊണ്ടുതന്നെ. ഇലമുങ്ങിയുടെ മുൻചിറകുകൾക്ക് ഇരുണ്ട തവിട്ടുനിറമോ, കറുപ്പു നിറമോ ആണ്. പിൻചിറകുകളുടെ കീഴ്ഭാഗം വെളുത്തതും അറ്റത്ത് കറുത്ത പൊട്ടുകളുള്ളതുമാണ്. മുൻചിറകുകളിൽ ചിറകിന്റെ അറ്റത്തായി ഏഴോ എട്ടോ ചെറിയ വെളുത്ത കുത്തുകളുമുണ്ട്.

കാച്ചിൽ, നാരൻ കിഴങ്ങ്, നൂറാൻ കിഴങ്ങ് തുടങ്ങിയ ചെടികളുടെ ഇലയിലാണ് ഇലമുങ്ങി മുട്ടയിടുന്നത്. ലാർവകളുടെ വാസം ഇലകൊണ്ടു തന്നെ ഉണ്ടാക്കുന്ന ചെറിയ കൂടാരത്തിലാണ്. ലാർവയുടെ വലിപ്പത്തിനനുസരിച്ച് പുതിയ നീളമുള്ള കൂടാരങ്ങൾ നിർമിച്ച് അതിലേക്ക് താമസം മാറ്റുന്നു. പകൽ സമയം മിക്കവാറും ഇലക്കൂടാരത്തിൽ മെല്ലയിറങ്ങി അല്പം അകലെയുള്ള (രണ്ടോ മൂന്നോ ഇലകൾക്കപ്പുറത്തുള്ള ഇലയുടെ അരികുമുതൽ കടിച്ചു മുറിച്ചു തിന്ന് ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ എന്ന മട്ടിൽ വീണ്ടും തന്റെ കൂടാരത്തിലേക്ക് തിരിച്ചെത്തുന്നു.

ഇരുണ്ട തവിട്ടുനിറത്തിൽ തലയുള്ള ലാർവയുടെ ശരീരം അല്പം പരന്ന് നീണ്ടതാണ്. ശരീരത്തിന് ഇളം മഞ്ഞ കലർന്ന പച്ചനിറവും വെളുത്ത ഷെയ്ഡുമുണ്ട്.

പ്യൂപ്പയായി മാറിയാലും ഇവ കഴിഞ്ഞുകൂടുന്നത് ഇലക്കൂടാരത്തിൽ തന്നെയാണ്. പത്തുദിവസങ്ങൾക്കു ശേഷം പ്യൂപ്പ പൊട്ടിച്ചു പുറത്തുവരുന്ന ശലഭം വീണ്ടും ഇലകൾക്കടിയിൽ മൂങ്ങാനും പൊടുന്നനവേ പൊങ്ങി ചാട്ടുളിപോലെ പറക്കാനും തുടങ്ങുകയായി.

പൊതുവേ തണൽ ഇഷ്ടപ്പെടുന്ന ഇവയെ കൂടുതലായും കാണുന്നത് വള്ളിപ്പടർപ്പുകളും മരങ്ങളും കുറ്റിച്ചെടികളും വളർന്നുനില്ക്കുന്ന പറമ്പുകളിലാണ്.

*ഫോട്ടോ: ബാബു കാമ്പ്രത്ത്, പയ്യന്നൂർ*